**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 560** **21-03-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ക്യാരിയറായി വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എം.ഡി.എം.എ. ഉൾപ്പെടെയുള്ള മാരക ലഹരി വസ്തുക്കളുടെ ക്യാരിയറായി വിദ്യാർത്ഥികളെ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഈ വിഷയം സർക്കാർ ഗൗരവമായി തന്നെ കാണുന്നു. പ്രസ്തുത വിദ്യാർത്ഥികളെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരുന്നതിലേയ്ക്കായി ലീഗൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്.<br>ലഹരിക്കെതിരെ സ്കൂളുകളിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഭാഗമായി പോലീസ്, എക്സൈസ് എന്നിവരുമായി ചേർന്ന് പൊതു ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്. . സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായ സൗകര്യം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റ വൈകല്യങ്ങളും നിരീക്ഷിക്കുകയും അതത് സമയത്തു തന്നെ ഇടപെട്ട് ദൂരീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ സ്കൂളുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ വിമുക്തി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. പോലീസ്, എക്സൈസ്, പി.റ്റി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവരുടെ |

സഹായത്തോടെ സ്കൂളും പരിസരവും ലഹരി വിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്കിടയിലെ ലഹര വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ സഹകരണത്തോടെ അധ്യാപകർക്കുള്ള പരിശീലനവും പ്രതിരോധ പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും വിമുക്തി മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. (ഏകദേശം 157012 അധ്യാപകർക്ക്) ഇതുമായി ബന്ധപ്പെട്ട് മൊഡ്യൂളുകളും കൈപ്പുസ്തകവും എസ്.സി.ഇ.ആർ.ടി.യിൽ തയ്യാറാക്കി അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി നൽകിയിട്ടുണ്ട്. പാഠ്യപദ്ധതിയിൽ ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾ ഗേറ്റിനു മുന്നിൽ ലഹരി വിൽക്കുന്നത് സെക്ഷൻ 24 പ്രകാരം കുറ്റകരമാണെന്ന ബോർഡ് സ്ഥാപിക്കുകയും ആയതിൽ ടോൾഫ്രീ നമ്പർ 1800-11-2536 രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളെ മദ്യം, മയക്കുമരുന്ന് എന്നിവ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ FIR Section 7 of Juvenile Justice Act 2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കിടയിൽ ലഹര ഉപയോഗം ഉണ്ടെന്ന് കണ്ടെത്തുന്ന പക്ഷം കുട്ടികളുടെ ഐഡന്റിറ്റി പരസ്യമാക്കാതെ അവരുടെ തുടർചികിത്സ, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതിന് പോലീസ്, എക്സൈസ് എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ കാര്യക്ഷമമായി തന്നെ നടന്നു വരുന്നു

| | | | |
|---|---|---|---|
| | | | |
| (ബി) | എങ്കിൽ ആയത് തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഈ വിഷയം സർക്കാർ ഗൗരവമായി തന്നെ കാണുന്നു. പ്രസ്തുത വിദ്യാർത്ഥികളെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരുന്നതിലേയ്ക്കായി ലീഗൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്.<br>ലഹരിക്കെതിരെ സ്കൂളുകളിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഭാഗമായി പോലീസ്, എക്സൈസ് എന്നിവരുമായി ചേർന്ന് പൊതു ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്. . സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായ സൗകര്യം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റ വൈകല്യങ്ങളും നിരീക്ഷിക്കുകയും അതത് സമയത്തു തന്നെ ഇടപെട്ട് ദൂരീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ സ്കൂളുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ വിമുക്തി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. പോലീസ്, എക്സൈസ്, പി.റ്റി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവരുടെ സഹായത്തോടെ സ്കൂളും പരിസരവും ലഹരി |

വിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ സഹകരണത്തോടെ അധ്യാപകർക്കുള്ള പരിശീലനവും പ്രതിരോധ പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും വിമുക്തി മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. (ഏകദേശം 157012 അധ്യാപകർക്ക്) ഇതുമായി ബന്ധപ്പെട്ട് മൊഡ്യൂളുകളും കൈപ്പുസ്തകവും എസ്.സി.ഇ.ആർ.ടി.യിൽ തയ്യാറാക്കി അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി നൽകിയിട്ടുണ്ട്. പാഠ്യപദ്ധതിയിൽ ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾ ഗേറ്റിനു മുന്നിൽ ലഹരി വിൽക്കുന്നത് സെക്ഷൻ 24 പ്രകാരം കുറ്റകരമാണെന്ന ബോർഡ് സ്ഥാപിക്കുകയും ആയതിൽ ടോൾഫ്രീ നമ്പർ 1800-11-2536 രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളെ മദ്യം, മയക്കുമരുന്ന് എന്നിവ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ FIR Section 7 of Juvenile Justice Act 2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം ഉണ്ടെന്ന് കണ്ടെത്തുന്ന പക്ഷം കുട്ടികളുടെ ഐഡന്റിറ്റി പരസ്യമാക്കാതെ അവരുടെ തുടർചികിത്സ, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതിന് പോലീസ്, എക്സൈസ് എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ കാര്യക്ഷമമായി തന്നെ നടന്നു വരുന്നു

| | | | |
|---|---|---|---|
| | | | |

സെക്ഷൻ ഓഫീസർ